DESPATCHED
On..27/9/22..



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 772(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5899/SIC-Gen4/2022**
(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 സെപ്റ്റംബർ 23

ശ്രീ. വിശ്വനാഥൻ മേനാത്ത്,
പ്രസിഡന്റ് ജനശക്തി കേരള,
കടലുണ്ടി നഗരം,
മലപ്പുറം - 673 314.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്,
വള്ളിക്കുന്ന് പി.ഒ.,
മലപ്പുറം ജില്ല - 673 314.
2. അപ്പീൽ അധികാരി &
സീനിയർ സുപ്രണ്ട് (ഇൻ-ചാർജ്ജ്),
പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-5 വേങ്ങര,
തിരൂരങ്ങാടി പി.ഒ., ചെമ്മാട്, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 3.1.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.2.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.2.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 24.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.4.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.4.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.5.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 22.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വിശ്വനാഥൻ മേനാത്ത്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ ഗ്രാമസഭയുടെ മിനിട്സ് ബുക്ക് പരിശോധിക്കുന്നതിനും

ആവശ്യമായ പകർപ്പ് നൽകുന്നതിനും ആവശ്യപ്പെട്ടിരുന്നു എന്നും ആയതിന് നൽകിയ മറുപടി കത്തിൽ രാവിലെ 11 മണിക്ക് പരിശോധന നടത്തുന്നതിന് അനുവദിച്ച് കൊണ്ടുള്ളതായിരുന്നു എന്നും ആയത് അന്നേ ദിവസം മുന്ന് മണിക്കാണ് ടിയാന് ലഭിച്ചതെന്നും ആയതിനാൽ മറ്റൊരു ദിവസം പരിശോധന നടത്തുന്നതിനും സമയപരിധി കഴിഞ്ഞതിനാൽ സൗജന്യമായി ആവശ്യമായ പകർപ്പ് നൽകുന്നതിനും ഉത്തരവ് ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപ്പീൽ സമർപ്പിച്ചു എന്നും തുടർന്ന് മിനിട്സ് ബുക്ക് പരിശോധനയ്ക്ക് അവസരം നൽകിയെങ്കിലും ഒന്നാം എതിർകക്ഷിയുടെ അഭാവം കാരണം പകർപ്പ് തരുകയുണ്ടായില്ല എന്നും പിന്നീട് പകർപ്പിന് 66/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭിക്കുകയാണ് ഉണ്ടായതെന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് പകർപ്പ് സൗജന്യമായി അനുവദിച്ച് നൽകുന്നതിനും വീഴ്ച വരുത്തിയ എതിർകക്ഷികളിൽ നിന്നും പിഴ ഈടാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 3.1.2022–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ ഇരുപത്തൊന്നാം വാർഡിലെ ഗ്രാമസഭയുടെ മിനിട്സ് ബുക്ക് പരിശോധിക്കുന്നതിനും ആവശ്യമായ മിനിട്സുകളുടെ പകർപ്പ് അനുവദിച്ച് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 1.2.2022–ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, 5/2/2022–ന് രാവിലെ 11 മണിക്ക് ഓഫീസിൽ പരിശോധന നടത്തി ആവശ്യമായ പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്നാണ്. എന്നാൽ ടി കത്ത് ഹർജിക്കാരന് ലഭിച്ചത് 5.1.2022–ന് 3 മണിക്ക് ശേഷമാണെന്ന് ആയതിനാൽ മറ്റൊരു ദിവസം പരിശോധന നടത്തുന്നതിനും വിവരാവകാശ നിയമ പ്രകാരം സമയപരിധി കഴിഞ്ഞതിനാൽ സൗജന്യമായി ആവശ്യമായ പകർപ്പ് നൽകുന്നതിനും വീഴ്ച വരുത്തിയ കാര്യത്തിൽ നിയമാനുസരണമുള്ള പിഴ ഈടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത് ഹർജിക്കാരൻ 5.1.2022 തീയതിയിൽ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ നേരിട്ട് സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാകുന്നത് 30 ദിവസത്തിനുശേഷമാണെന്നു നിരീക്ഷിക്കുന്നു എന്നും ആയതിനാൽ ടിയാന് രേഖകൾ പരിശോധിക്കുന്നതിന് ഒരവസരം കൂടി നൽകണമെന്നാണ്.

4. രണ്ടാം എതിർകക്ഷി 27.5.2022–ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 3/1/2022–ന് വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി 1.2.2022 തീയതി വച്ച് മറുപടി തയ്യാറാക്കുകയും ആയത് 2.2.2022 തീതിയിൽ രജിസ്റ്റേർഡ് തപാൽ വഴി അയച്ചു നൽകുകയും 21–ാം വാർഡ് ഗ്രാമസഭാ മിനിട്സ് ബുക്ക് പരിശോധിക്കുന്നതിനും പകർപ്പുകൾ എടുക്കുന്നതിനുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും അപേക്ഷകന് വിവരാവകാശ നിയമ പ്രകാരം 5.2.2022–ന് ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖയുമായി വന്ന് പരിശോധിക്കുന്നതിന് അനുമതി നൽകികൊണ്ട് അറിയിപ്പ് നൽകിയതുമാണെന്നും അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലുള്ള വിലാസം ഇതേ പഞ്ചായത്തിലേതുതന്നെ ആയതിനാലും അപേക്ഷകന് സമയനഷ്ടം വരാതിരിക്കുന്നതിനുമാണ് രേഖകൾ പരിശോധിക്കുന്നതിന് അടുത്ത തീയതി തന്നെ നൽകിയത് എന്നും പ്രസ്തുത തീയതി അപേക്ഷകന് സൗകര്യപ്രദമല്ലെന്ന വിവരം പഞ്ചായത്തിലെ എസ്.പി.ഐ.ഒ യെ അറിയിക്കുകയുണ്ടായില്ലെന്നും അപ്പീൽ വാദി

തന്നെ സമർപ്പിച്ച തപാലാപ്പീസ് രജിസ്റ്റേർഡ് തപാൽ മുമെന്റ് പ്രകാരം 3.2.2022ന് തന്നെ ടിയാൾക്ക് മറുപടി ലഭിക്കേണ്ടതായിരുന്നു എന്നും എന്നാൽ വീട് അടഞ്ഞു കിടക്കുന്നതായി ടി രേഖയിൽ വ്യക്തമാക്കുന്നുണ്ടെന്നുമാണ്. കൂടാതെ ടിയാൻ രേഖകൾ പരിശോധിക്കുന്നതിന് മറ്റൊരു സമയം ആവശ്യപ്പെടുകയോ അനുവദിച്ച സമയം കഴിഞ്ഞാണ് അറിയിപ്പ് ലഭിച്ചതെന്നോ എസ്.പി.ഐ.ഒ യുടെ ഓഫീസിൽ അറിയിക്കാതെ അപേക്ഷകൻ ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഒന്നാം അപ്പീൽ അധികാരിയുടെ 17.2.2022 തീയതിയിലെ നിജസ്ഥിതി അറിയിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കത്തിന് 19.2.2022 തീയതിയിൽ മേൽ വിവരങ്ങൾ കാണിച്ച് മറുപടി നൽകുകയും ചെയ്തു എന്നും തുടർന്ന് 24.2.2022 തീയതിയിലെ ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം രേഖകൾ പരിശോധിക്കുന്നതിന് 11.3.2022 തീയതിയിൽ സമയം അനുവദിച്ചും ആവശ്യമായ പകർപ്പുകൾ കൈപ്പറ്റുന്നതിനും അറിയിപ്പ് നൽകിയിരുന്നു എന്നും ആയതു പ്രകാരം അപേക്ഷകൻ മേൽ പറഞ്ഞ തീയതി രേഖകൾ, ഗ്രാമ സഭ മിനിട്സ് ബുക്ക് പരിശോധിക്കുകയും ആയതിലെ 7 മുതൽ 28 വരെയുള്ള പേജുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ട് അപേക്ഷ നൽകുകയും ചെയ്തു. ടി പകർപ്പുകൾക്ക് 66/- രൂപ അടവാക്കുന്നതിന് അറിയിപ്പ് നൽകിയിട്ട് അപേക്ഷകൻ ആയതിന് പണമടക്കുകയോ ഇക്കാര്യത്തിൽ മറ്റ് വാദഗതികൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ലെന്നും മനപ്പൂർവ്വമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റേയും ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്കാരന് മറുപടി നൽകുന്നതിൽ അനാവശ്യമായ കാലതാമസം ഒന്നാം എതിർകക്ഷി വരുത്തുകയും, വിവരാവകാശ നിയമത്തിനു മറുപടി നൽകുന്ന സമയപരിധിയുടെ അവസാന ദിവസം വരെ കാത്തിരുന്നതായും കമ്മീഷന് ബോധ്യമായിട്ടുണ്ട്. ഈ വീഴ്ചയ്ക്ക് ഒന്നാം എതിർകക്ഷി ശിക്ഷാർഹയാണ്. ഇക്കാര്യത്തിൽ പിഴ ചുമത്താതിരിക്കണമെങ്കിൽ ടിയാന്റെ വിശദീകരണം 10/10/2022 നകം കമ്മീഷനെ ബോധ്യപ്പെടുത്തേണ്ടതാണ്. ടി സമയത്തിനുള്ളിൽ വിശദീകരണം കമ്മീഷന് മുമ്പാകെ സമർപ്പിച്ചില്ലായെങ്കിൽ ഈ ടി വിഷയത്തിൽ താങ്കൾക്കൊന്നും ബോധിപ്പിക്കാനില്ലായെന്നും താങ്കൾക്കെതിരെ പിഴ ചുമത്തുന്നതുമാണ്. ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് സൗജന്യമായി ടിയാരിക്ക് നൽകാനും ഒന്നും രണ്ടും എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM

bnk